# The South Indian Bank Ltd.

SOUTH INDIAN Bank
Experience Next Generation Banking

CIN: L65191KL1929PLC001017
Regd. Office: SIB House, T.B. Road, Mission Quarters, Thrissur-680 001, Kerala. Phone : 0487 2420020.
Email : head@sib.co.in | Website : www.southindianbank.com

## 89–ാം വാർഷിക പൊതുയോഗ അറിയിപ്പ്

സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ ഓഹരി ഉടമകളുടെ 89-ാം വാർഷിക പൊതുയോഗം 2017 ജൂലൈ 11-ാം തീയതി ചൊവ്വാഴ്ച്ച രാവിലെ 10 മണി മുതൽ തൃശ്ശൂർ കൊക്കാലെ ടി.ബി. റോഡിലുള്ള കാസിനൊ കൾച്ചറൽ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു. യോഗത്തിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ബാങ്കിന്റെ വിവിധ ബിസ്സിനസ് ഇടപാടുകളെക്കുറിച്ചുള്ള വിവരങ്ങൾ, 2016-2017 സാമ്പത്തിക വർഷത്തിലെ വാർഷിക റിപ്പോർട്ട്, വാർഷിക പൊതുയോഗ അറിയിപ്പ്, ഇ-വോട്ടിംഗിന്റെ വിശദാംശങ്ങൾ എന്നിവയെല്ലാം തന്നെ 2017 **ജൂൺ** 17 തീയതിയോടുകൂടി അംഗങ്ങൾക്ക് അയച്ചുകൊടുത്തിട്ടുള്ളതാണെന്ന് അറിയിക്കുന്നു.

2016-2017 സാമ്പത്തിക വർഷത്തിലെ വാർഷിക റിപ്പോർട്ട്, ഇ-മെയിൽ ഐ.ഡി. രജിസ്റ്റർ ചെയ്തിട്ടുള്ള ഓഹരി ഉടമകൾക്ക് ഇലക്ട്രോണിക്സ് മാധ്യമങ്ങൾ വഴിയും മറ്റു ഓഹരി ഉടമകൾക്ക് അവരുടെ രജിസ്റ്റർ ചെയ്തിട്ടുള്ള മേൽവിലാസത്തിലേയ്ക്ക് തപാൽ മാർഗ്ഗമായും അയച്ചുകൊടുത്തിട്ടുള്ളതാണ്.

കമ്പനി നിയമം 2013 സെക്ഷൻ 108, കമ്പനി (മാനേജ്മെന്റ് & അഡ്മിനിസ്ട്രേഷൻ) (ഭേദഗതി) 2014 ചട്ടം 20, എന്നിവ അനുശാസിക്കുന്ന പ്രകാരവും സെബി (ലിസ്റ്റിംഗ് ഒബ്ളിഗേഷൻസ് & ഡിസ്ക്ലോസർ റിക്വയർമെന്റ്) റെഗുലേഷൻസ് 2015ന്റെ 44-ാം ചട്ടപ്രകാരവും അംഗങ്ങൾക്കുള്ള വോട്ടിംഗ് സംവിധാനം ഇലക്ട്രോണിക്സ് മാധ്യമങ്ങളിലൂടെയോ/ബാലറ്റ് പേപ്പറിലൂടെയോ സജ്ജീകരിച്ചിരിക്കുന്നു. അതുപോലെ തന്നെ നേരിട്ട് ഇലക്ട്രോണിക്സ് മാധ്യമങ്ങളിലൂടെ / ബാലറ്റ് പേപ്പറിലൂടെ വോട്ട് രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വോട്ടിംഗ് രീതികളെക്കുറിച്ചുള്ള സമഗ്ര വിവരങ്ങൾ താഴെചേർക്കുന്നു.

a) നിശ്ചിത സമയമായ 2017 ജൂലൈ 4-ാം തീയതിക്കുള്ളിൽ രജിസ്റ്റർ ഓഫ് മെമ്പേഴ്സിലോ രജിസ്റ്റർ ഓഫ് ബെനഫിഷ്യൽ ഓണേഴ്സിലോ പേര് ചേർത്തിട്ടുള്ള അംഗങ്ങൾക്ക് ("അർഹരായ അംഗങ്ങൾ") മാത്രമേ റിമോട്ട് ഇ-വോട്ടിംഗിനോ ബാലറ്റ് വോട്ടിംഗിനോ ഉള്ള അവകാശം വിനിയോഗിക്കാൻ സാധിക്കുകയുള്ളൂ.

b) റിമോട്ട് ഇ-വോട്ടിംഗ് 2017 ജൂലൈ 8 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ ആരംഭിക്കുന്നതായിരിക്കും.

c) റിമോട്ട് ഇ-വോട്ടിംഗ് 2017 ജൂലൈ 10 തിങ്കളാഴ്ച്ച വൈകീട്ട് 5 മണിക്ക് അവസാനിക്കുന്നതായിരിക്കും.

d) റിമോട്ട് ഇ-വോട്ടിംഗ് സംവിധാനത്തിന്റെ സമയപരിധി കഴിഞ്ഞാലുടൻ നിർത്തലാക്കുന്നതും പിന്നീട് ഇലക്ട്രോണിക്സ് മാധ്യമത്തിലൂടെ വോട്ട് ചെയ്യാൻ സാധിക്കാത്തതുമായിരിക്കും. ഒരു അംഗം ഒരു തവണ വോട്ട് രേഖപ്പെടുത്തിയതിനു ശേഷം പിന്നീട് യാതൊരു കാരണവശാലും അതിൽ മാറ്റം വരുത്താൻ അനുവദിക്കുന്നതല്ല.

e) അർഹരായ എല്ലാ അംഗങ്ങൾക്കും വാർഷിക പൊതുയോഗത്തിൽ ബാലറ്റ് പേപ്പറിൽ/ഇലക്ട്രോണിക്സ് മാധ്യമത്തിലൂടെ നേരിട്ട് വോട്ട് രേഖപ്പെടുത്തുന്നതിനുള്ള എല്ലാവിധ സൗകര്യവും നോട്ടീസിൽ സൂചിപ്പിച്ച പ്രകാരം ഒരുക്കിയിട്ടുണ്ട്.

f) റിമോട്ട് ഇ-വോട്ടിംഗിലൂടെ വോട്ട് രേഖപ്പെടുത്തിയ അർഹരായ അംഗങ്ങൾക്ക് വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കാവുന്നതാണ്. എന്നാൽ, തദവസരത്തിൽ വീണ്ടും വോട്ടുചെയ്യാനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല.

g) വാർഷിക പൊതുയോഗ നോട്ടീസ് അയച്ചതിനുശേഷവും എന്നാൽ 2017 ജൂലൈ 4-ാം തീയതിക്കോ അതിനു മുൻപോ ബാങ്കിന്റെ അംഗമായി തീർന്നതുമായ ഒരു വ്യക്തി, അയാളുടെ വോട്ടവകാശത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിന് താഴെ ച്ചേർക്കുന്ന **ശ്രീ. രമേഷ്, ഡയറക്ടർ, M/s. ബി.ടി.എസ്. കൺസൾട്ടൻസി സർവ്വീസസ് പ്രൈ. ലിമിറ്റഡ്, എം.എസ് കോംപ്ലക്സ്, ഒന്നാം നില, നമ്പർ 8, ശാസ്ത്രി നഗർ, 200 ഫീറ്റ് റോഡ്/ആർ.ടി.ഒ കൊളത്തൂർ-ന് സമീപം, കൊളത്തൂർ, ചെന്നൈ-600 099, ഫോൺ: 044-25565121, ഫാക്സ്: 044-25565131, ഇ-മെയിൽ: helpdesk@btsindia.co.in (അല്ലെങ്കിൽ) ramesh@btsindia.co.in** എന്ന മേൽവിലാസത്തിൽ വിവിധ മാധ്യമങ്ങളിലൂടെ ബന്ധപ്പെട്ട് അന്വേഷിക്കേണ്ടതാണ്. പ്രസ്തുത വ്യക്തി CDSL-ൽ മുമ്പേ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെങ്കിൽ നിലവിലുള്ള യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് റിമോട്ട് ഇ-വോട്ടിംഗ് അവകാശം വിനിയോഗിക്കാവുന്നതാണ്.

കമ്പനി സെക്രട്ടറി ശ്രീ. പി. ശിവകുമാർ, FCS, CMA, CMA(USA) practicing company secretary(Partner SVJS and Associates Company Secretaries), അദ്ദേഹത്തിന്റെ അഭാവത്തിൽ കമ്പനി സെക്രട്ടറി ശ്രീ. പി.ഡി. വിൻസെന്റ്, LLB, MBA, FCS practicing company secretary(Partner SVJS and Associates Company Secretaries) എന്നിവരെ ഇ-വോട്ടിംഗ് പ്രക്രിയയുടെ സുതാര്യവും സുഗമവുമായ നടത്തിപ്പിന്റെ നിരീക്ഷകരായി ബാങ്ക് നിയമിച്ചിട്ടുണ്ട്.വാർഷിക പൊതുയോഗം സമാപിച്ച് 48 മണിക്കൂറിനുള്ളിൽ സൂഷ്മപരിശോധകൻ അനുകൂലവും പ്രതികൂലവുമായ വോട്ടുകളുടെ റിപ്പോർട്ട് ബാങ്കിന്റെ ചെയർമാന് സമർപ്പിക്കുന്നതാണ്.

ഇ-വോട്ടിംഗ് ഉപയോഗിച്ച് വോട്ട് ചെയ്യുന്നതിനായി CDSL E voting system: http://www.evotingindia.com എന്ന URL ഉപയോഗിക്കാവുന്നതാണ്. റിമോട്ട് ഇ-വോട്ടിംഗിന്റെ നടപടിക്രമങ്ങളേക്കുറിച്ച് വ്യക്തമായി മനസ്സിലാക്കുന്നതിന് അംഗങ്ങൾ ഓരോരുത്തരും 89-ാം വാർഷിക പൊതുയോഗ അറിയിപ്പ് ശ്രദ്ധാപൂർവ്വം വായിച്ചു നോക്കേണ്ടതാണ്. കമ്പനി നിയമം സെക്ഷൻ 91, കമ്പനി (മാനേജ്മെന്റ് & അഡ്മിനിസ്ട്രേഷൻ) (ഭേദഗതി) 2014 ചട്ടം 10, സെബി (ലിസ്റ്റിംഗ് ഒബ്ളിഗേഷൻസ് & ഡിസ്ക്ലോസർ റിക്വയർമെന്റ്) റെഗുലേഷൻസ് 2015ന്റെ 42-ാം ചട്ടപ്രകാരം ബാങ്കിന്റെ രജിസ്റ്റർ ഓഫ് മെമ്പേഴ്സും ഷെയർ ട്രാൻസ്ഫർ ബുക്സും 2017 ജൂലൈ 5 ബുധനാഴ്ച്ച മുതൽ 2017 ജൂലൈ 11 ചൊവ്വാഴ്ച്ച വരെ ക്ലോസ് ചെയ്തിരിക്കും. (2 ദിവസങ്ങളുൾപ്പടെ). യോഗത്തിൽ ഡിവിഡന്റ് പ്രഖ്യാപിക്കുകയാണെങ്കിൽ 2017 മാർച്ച് 31 വരെയുള്ള സാമ്പത്തിക വർഷത്തിലെ ഡിവിഡന്റ് 2017 ജൂലൈ 17 തിങ്കളാഴ്ച്ച മുതൽ താഴെ സൂചിപ്പിക്കും പ്രകാരം നൽകുന്നതായിരിക്കും.

a) ഡിമെറ്റീരിയലൈസ്ഡ് ചെയ്തിട്ടുള്ള എല്ലാ ഓഹരി ഉടമകൾക്കും 2017 ജൂലൈ 4 ചൊവ്വാഴ്ച്ച പ്രവൃത്തി സമയത്തിന് ശേഷം NSDL, CDSL എന്നിവരിൽ നിന്നും ലഭിക്കുന്ന പട്ടികപ്രകാരവും.

b) സർട്ടിഫിക്കറ്റ് രൂപത്തിലുള്ള ഓഹരി ഉടമകൾക്ക് 2017 ജൂലൈ 11-ാം തീയതി ചൊവ്വാഴ്ച്ച ബാങ്കിന്റെ അംഗത്വ രജിസ്റ്ററിൽ ഉള്ളവരും ഷെയർ കൈമാറ്റത്തിനായി ബാങ്കിലോ, ഷെയർ ട്രാൻസ്ഫർ ഏജന്റ് മുഖേനയോ 2017 ജൂലൈ 4 ചൊവ്വാഴ്ച്ച വരെ ലഭിച്ചിട്ടുള്ള യോഗ്യമായ ഷെയർ കൈമാറ്റങ്ങൾ ഉൾപ്പെടുത്തിയ പ്രകാരവും.

കമ്പനി നിയമം 2013, സെക്ഷൻ 125 അനുശാസിക്കുന്നതനുസരിച്ച് ബാങ്കിന്റെ രേഖകൾ പ്രകാരം 2009-10 സാമ്പത്തികവർഷത്തിലെ കൈപ്പറ്റാത്ത ലാഭവിഹിതം 2017 ആഗസ്റ്റ് 14-ാം തീയതിയോടുകൂടി ഇൻവെസ്റ്റർ എജ്യുക്കേഷൻ പ്രൊട്ടക്ഷൻ ഫണ്ടിലേക്ക് (IEPF) മാറ്റുന്നതായിരിക്കും. കമ്പനി നിയമം 2013, സെക്ഷൻ 124(6), ഇൻവെസ്റ്റർ എജ്യുക്കേഷൻ പ്രൊട്ടക്ഷൻ ഫണ്ട് അതോറിറ്റി (അക്കൗണ്ടിങ്ങ്, ഓഡിറ്റ്, ട്രാൻസ്ഫർ ആന്റ് റീഫണ്ട്സ്) റൂൾസ് 2016 (IEPF റൂൾസ്) ചട്ടം 6 എന്നിവ അനുശാസിക്കുന്ന പ്രകാരം തുടർച്ചയായി 7 വർഷം ലാഭവിഹിതം കൈപ്പറ്റാതിരിക്കുന്നവരുടെ ഓഹരികൾ 2009-10 വർഷത്തെ കൈപ്പറ്റാത്ത ലാഭവിഹിതത്തോടൊപ്പം IEPF അതോറിറ്റിയുടെ ഡീമാറ്റ് അക്കൗണ്ടിലേക്ക് ബാങ്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. മേൽ അനുശാസിച്ച പ്രകാരം 2009-10 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ലാഭവിഹിതം കൈപ്പറ്റാത്ത ഓഹരി ഉടമകൾ ആയത് കൈപ്പറ്റേണ്ടതാണെന്നും അല്ലാത്ത പക്ഷം 2009-10 വർഷത്തെ ലാഭവിഹിതവും പ്രസ്തുത ഓഹരികളും IEPF അതോറിറ്റിയുടെ ഡീമാറ്റ് അക്കൗണ്ടിലേക്ക് മാറ്റുന്നതായിരിക്കും എന്നറിയിച്ചുകൊണ്ട് 2017 മെയ് മാസത്തിൽ ബന്ധപ്പെട്ട ഓഹരിയുടമകളെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്

ഓഹരികളേയും ഓഹരി കൈമാറ്റ രേഖകളേയും കുറിച്ചുള്ള സംശയങ്ങൾ, പോസ്റ്റൽ ബാലറ്റ് ഫോറത്തിന്റെ ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷ, ഇലക്ട്രോണിക് വോട്ടിംഗും പോസ്റ്റൽ ബാലറ്റ് ഫോറവും സംബന്ധിച്ച പരാതികൾ, മറ്റു കത്തിടപാടുകൾ എന്നിവയ്ക്ക് താഴെകൊടുത്തിരിക്കുന്ന വിലാസത്തിലുള്ള ഞങ്ങളുടെ ഷെയർ ട്രാൻസ്ഫർ ഏജന്റിനെ ബന്ധപ്പെണ്ടേതാണ്.

**ശ്രീ. രമേഷ്, M/s. ബി.ടി.എസ്. കൺസൾട്ടൻസി സർവ്വീസസ് പ്രൈ. ലിമിറ്റഡ്, എം.എസ് കോംപ്ലക്സ്, ഒന്നാം നില, നമ്പർ 8, ശാസ്ത്രി നഗർ, 200 ഫീറ്റ് റോഡ്/ആർ.ടി.ഒ കൊളത്തൂർ-ന് സമീപം, കൊളത്തൂർ, ചെന്നൈ-600 099, ഫോൺ: 044-25565121, ഫാക്സ്: 044-25565131, ഇ-മെയിൽ:helpdesk@btsindia.co.in (അല്ലെങ്കിൽ) ramesh@btsindia.co.in**

ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ച 'ഗ്രീൻ ഇനീഷ്യേറ്റീവ്'-നെ പിന്തുണയ്ക്കുന്നതിന്റെ ഭാഗമായി ബാങ്കിന്റെ വാർഷിക പൊതുയോഗ റിപ്പോർട്ടിന്റെയും പൊതുയോഗ അറിയിപ്പിന്റെയും ഇലക്ട്രോണിക് കോപ്പി, ബാങ്കിലും ഡെപ്പോസിറ്ററിയിലും ഇ-മെയിൽ അഡ്രസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ള ഓഹരി ഉടമകൾക്ക് ഇ-മെയിൽ അയക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഏതെങ്കിലും അംഗങ്ങൾക്ക് വാർഷിക റിപ്പോർട്ടിന്റെ പ്രിന്റഡ് കോപ്പി ആവശ്യമെങ്കിൽ അപേക്ഷിച്ചാൽ ആയത് ബാങ്ക് ചെലവിൽ അയച്ചു തരുന്നതായിരിക്കും. ഈ റിപ്പോർട്ടിന്റെ പൂർണ്ണരൂപം ബാങ്കിന്റെ വെബ്ബ് സൈറ്റായ www.southindianbank.com-ലും CDSL വെബ്ബ്സൈറ്റായ http://www.evotingindia.com-ലും കൂടുതൽ പരിശോധനകൾക്കായി പ്രവൃത്തി സമയങ്ങളിൽ ബാങ്കിന്റെ രജിസ്റ്റേഡ് ഓഫീസിലും

ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ നിർദ്ദേശപ്രകാരം
സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിനുവേണ്ടി
(ഒപ്പ്)
(ജിമ്മി മാത്യു)
കമ്പനി സെക്രട്ടറി

തൃശ്ശൂർ,
18-06-2017